**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം. എച്ച്.എസ്.ഇ./201/2018/ഫിൻ.സി5** **തീയതി : 19/05/2018.**

## പരിപത്രം

വിഷയം: ഹ.സെ.വി.വ. – തീരദേശ മേഖലയിലെ സ്കൂളുകളെ 2018-19 വർഷത്തെ സ്കൂൾ നവീകരണ പാക്കേജിൽ ഉൾപ്പെടുത്തുന്നത് – സംബന്ധിച്ച്:

സൂചന : ബഹു. ധനകാര്യവകുപ്പു മന്ത്രിയുടെ 2018-19–ലെ ബഡ്ജറ്റ് പ്രസം ഗം.

തീരദേശമേഖലയിൽ 250–ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളെ ഈ വർഷത്തെ സ്കൂൾ വികസന പാക്കേജിൽ ഉൾപ്പെടുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പു മന്ത്രി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹയർ സെക്കന്ററി വിദ്യാഭ്യാ സവകുപ്പിന് വകയിരുത്തിയ തുകയിൽ നിന്ന് തീരദേശത്തെ സ്കൂളുകളുടെ നവീകരണ പാക്കേജ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാനത്തെ തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസി പ്പൽമാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഹയർ സെക്കന്ററി വിഭാഗത്തിൽ 250–ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളു കൾക്ക് പുതിയ കെട്ടിട നിർമ്മാണം ആവശ്യമാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ്, പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കി (പ്രൈസ് സോഫ്റ്റ്‌വെയറിൽ ഏറ്റവും പുതിയ ഡി.എസ്.ആർ അനുസരിച്ച്) ചീഫ് എഞ്ചിനീയർ മുഖേന ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരി ക്കേണ്ടതാണ്. **15.06.2018**–ന് മുമ്പായി എസ്റ്റിമേറ്റ്, പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സജ്ജീകരിക്കുന്നതിനായി നിലവി ലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിന് സൗകര്യമുള്ള സ്കൂളുകൾ അതിലേക്കായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

.......2

കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

കെട്ടിട നിർമ്മാണം, ലബോറട്ടറി നവീകരണം എന്നിവ ആവശ്യമുള്ള സ്കൂളുകൾ താഴെ കൊടുത്തിരിക്കുന്ന പ്രൊഫോർമ സഹിതം **05.06.2018**-ന് മുമ്പായി ഡയറക്ടറേറ്റിൽ ലഭിക്കത്തക്കവിധം അപേക്ഷകൾ അയയ്ക്കേണ്ടതാണ്. വാർഷിക പദ്ധതിയുടെ പ്രൊപ്പോസലുകൾ ജൂൺ മാസത്തിൽ തന്നെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുള്ളതിനാൽ സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

| School Code | Name of School | Revenue Village | Assembly Constituency | Total No. of Students (2017-18) | Total No. of Batches | Requirement (New building or Lab Renovation | Principal's Mobile Number |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

**ഒപ്പ്/-**
**ഡയറക്ടർ**

തീരദേശ മേഖലയിലെ എല്ലാ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.